"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — വാണിമേൽ ഗ്രാമപഞ്ചായത്ത് - 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1152/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

---

പരാമർശം:-

1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.10.2022 ലെ പി എ എൻ/12170/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.02.2023 ലെ ഡി.കെ.എസ്.എ 4245/പി.റ്റി2/2022 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് മരുന്ന് വാങ്ങാൻ ധനസഹായം (പ്രോജക്ട് നം. 76/08-09)' എന്ന പദ്ധതിയ്ക്ക് ചെലവായ 1,70,000/- രൂപ പരാമർശയിനം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം, സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ ) ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർ ട്ടിൽ വാണിമേൽ ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്ന വൃദ്ധർ, രോഗികൾ, വികലാംഗർ, മാനസികവെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് ധനസഹായം എന്ന ഇനത്തിൽപ്പെടുത്തി അർഹരായ രോഗികൾക്ക് നേരിട്ട് ചെക്ക് മുഖാന്തിരം ധനസഹായം അനുവദിക്കേണ്ടതിന് പകരം നേരിട്ട് നൽകിയിരുന്നുവെന്നും പദ്ധതി മാർഗ്ഗരേഖയിൽ പണം നേരിട്ട് നൽകുന്നതിന് അനുവാദം നൽകിയിട്ടുള്ളതല്ലെന്നും എന്നിരുന്നാലും മേൽ പദ്ധതിക്കായി വൃദ്ധർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, തുടങ്ങി തീർത്തും അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ചികിത്സ ധനസഹായം അനുവദിച്ചിരുന്നതെന്നും, ടി സഹായം ഗുണഭോക്താക്കൾക്ക് വളരെയധികം ഉപയോഗപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ഉത്തമബോധ്യം വന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചികിത്സാ സഹായം പണമായി നൽകിയത് മാപ്പാക്കണമെന്ന് അപേക്ഷിക്കുകയും, നിലവിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചുകൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതെന്നും ഈ വിഷയം കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി വിശദമായി ചർച്ച ചെയ്യുകയും തികച്ചും അർഹരായ രോഗികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നതിനാലും ചെലവായ 1,70,000/- രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ടി ഓഡിറ്റ്

തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ അനന്തര പരാമർശത്തിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പദ്ധതി മാർഗ്ഗരേഖയിൽ പണം നേരിട്ട് നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുള്ളതല്ല. എന്നിരുന്നാലും മേൽ പദ്ധതിക്കായി വൃദ്ധർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, തുടങ്ങി തീർത്തും അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ചികിത്സ ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നതിനാലും സാധൂകരണം ലഭ്യമാക്കാൻ അനന്തര പരാമർശത്തിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ജില്ലാ ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ തീരുമാനം, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശ എന്നിവ കണക്കിലെടുത്തും സബ്സിഡി തുക പണമായി നൽകിയത് തെറ്റാണെന്നും മേലിൽ ഇതാവർത്തിക്കരുതെന്നുമുള്ള കർശന നിർദ്ദേശത്തോടെ കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം തടസ്സപ്പെടുത്തിയ 1,70,000/- രൂപയുടെ (ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബീന പി എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വാണിമേൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/159/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ